# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *183 — 05.02.2018 ൽ മറുപടിക്ക്

## കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾക്ക് വിപണന ശൃംഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളിൽ<br>ശ്രീ.വി.ടി.ബൽറാം | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൈത്തൊഴിലു കാരുടെ ഗ്രാമങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയി ട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് കരകൗശലത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനത്തിനും ക്രാഫ്റ്റ് ടൂറിസം എന്ന പദ്ധതിയെ അടിസ്ഥാനപ്പെടുത്തി ടൂറിസം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളാറിൽ ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ കുടിലുകൾ നിർമ്മിച്ച് കേരളത്തിന്റെ തനതായ കരകൗശല വിദ്യകളും കൈത്തൊഴിലുകളും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ദ്ധർ തന്നെ നേരിട്ട് പ്രദർശിപ്പിക്കുകയും ഇത്തരം ഉല്പന്നങ്ങൾ ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾക്കും വിപണനം ചെയ്യുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. കൈത്തൊഴിലുകാരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടു കൊണ്ട് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വസ്ത്രഗ്രാമം പദ്ധതി കാഡ്കോ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) കൈത്തൊഴിലുകാരുടെ ഉല്പന്ന ങ്ങൾക്ക് വിപണന ശൃംഖല സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (ബി) സംസ്ഥാനത്തെ കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. കൂടാതെ കരകൗശല കലാകാരന്മാരുടെ ഉന്നമന |

ത്തിനുവേണ്ടി രാജ്യത്തുടനീളം അവരെ പങ്കെടുപ്പിച്ചുകൊണ്ട് കോർപറേഷന്റെ വിപണന ശാഖയായ കൈരളി വഴി എക്സിബിഷനുകൾ നടത്തിവരുന്നു. കോർപറേഷൻ സംഘടിപ്പിക്കുന്ന കരകൗശല എക്സിബിഷനുകളിലൂടെ ഇടത്തട്ടുകാരെ കൂടാതെ തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വിപണിയിലെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി തങ്ങളുടെ കരവിരുത് പ്രദർശിപ്പിക്കുന്നതിനും ആർട്ടിസാൻമാർക്ക് സഹായകരമാകുന്നു. കരകൗശല കലാകാരൻമാർക്ക് നവീന ആശയങ്ങൾ പഠിപ്പിക്കുന്നതിനും കൂടുതൽ അവബോധം ഉളവാക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകൾ കോർപറേഷൻ സംഘടിപ്പിച്ചിട്ടുണ്ട്.

വാണിജ്യ വികസനത്തിന്റെ ഭാഗമായി കേരളത്തിന്റെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്തിൽ മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു. 2007 മുതൽ 2011 വരെ തുടർച്ചയായി മലബാർ ക്രാഫ്റ്റ്സ് മേള മലപ്പുറം കോട്ടക്കുന്നിൽ വിജയകരമായി സംഘടിപ്പിച്ചുവന്നിരുന്നത് പിന്നീട് വന്ന സർക്കാർ നിർത്തലാക്കുകയും ഈ സർക്കാർ വീണ്ടും പാലക്കാട് നടത്തുകയുണ്ടായി. പരമ്പരാഗത രീതിയിൽ നിർമ്മിച്ച 134 കുടിലുകളിലായി കേരളത്തിനകത്ത് നിന്ന് 112 പരമ്പരാഗത കരകൗശല വിദഗ്ദ്ധരും 18 സംസ്ഥാനങ്ങളിൽ നിന്നായി 125 കരകൗശല വിദഗ്ദ്ധരും രാജ്യത്തിന് പുറത്ത് നിന്ന് ശ്രീലങ്കയിൽ നിന്ന് 10 കരകൗശല വിദഗ്ദ്ധരും പങ്കെടുത്തു. ഏകദേശം 12 ലക്ഷത്തിൽ അധികം പേർ മേള സന്ദർശിച്ചു. 4.25 കോടിയുടെ വില്പനയും നടന്നിട്ടുണ്ട്. ഈ മേഖലയിലെ ആർട്ടിസാൻമാരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമുള്ള അവസരം ഈ മേള ഒരുക്കുന്നു. കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിൽ കരകൗശല ഉല്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി ടൂറിസം വകുപ്പിന്റെ സഹായത്തോടെ ഇരിങ്ങൽ ക്രാഫ്റ്റ് മേളയും സംഘടിപ്പിക്കുന്നു. വിശേഷാവസരങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടത്തിവരുന്ന പ്രദർശന വില്പന മേളകളിൽ കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന്

അവസരം ഒരുക്കുന്നുണ്ട്. കരകൗശല ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനായി കേരളത്തനിമയുള്ള സുവനീറുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നൂതനമായ ഡിസൈനുകൾ വികസിപ്പിച്ച് വിവിധതരം കരകൗശല കൈത്തൊഴിൽ ഉല്പന്നങ്ങൾ ഷോപ്പിംഗ് മാളുകൾ ഹൈപ്പർമാർക്കറ്റുകൾ എന്നിവ വഴി വിപണനം നടത്തുന്നതിനുള്ള പദ്ധതി കാഡ്കോ ആവിഷ്കരിച്ചിട്ടുണ്ട്.

പരമ്പരാഗത ബാംബൂ മേഖലയിലെ കരകൗശല കലാകാരന്മാർക്ക് വിപണി ലഭ്യത ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ മിഷൻ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. ദേശീയ-അന്തർദേശീയ മേളകളിൽ കേരളത്തിലെ ബാംബൂ മേഖലയിലെ കരകൗശല കലാകാരന്മാരെ കേരള സംസ്ഥാന ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നു.

(സി) സംസ്ഥാനത്തെ കൈത്തൊഴിലുകാരുടെ സൃഷ്ടികൾ, കലാരൂപങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് മാമാങ്കം എന്ന പേരിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കൈത്തൊഴിൽ ഉല്പന്നങ്ങൾ, കലാസൃഷ്ടികൾ എന്നിവയുടെ പ്രദർശനത്തിനും വിപണനത്തിനുമായി മാമാങ്കം ഫെയറിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷം സർക്കാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത മാമാങ്കം പരിപാടി അടുത്ത സാമ്പത്തിക വർഷം വിപുലമായ രീതിയിൽ നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭരണാനുമതി റദ്ദാക്കി മേൽതുക ഭക്ഷ്യ-കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ സംസ്ഥാനതല പ്രദർശന മേളയായ 'കേരള അഗ്രോ ഫുഡ് 2018' ന്റെ നടത്തിപ്പിനായി ഉപയോഗിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) പരമ്പരാഗത കൈത്തൊഴിലുല്പന്നങ്ങൾ വെബ്സൈറ്റ്, സമൂഹമാധ്യമങ്ങൾ എന്നിവയിലൂടെ പ്രദർശിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) പരമ്പരാഗത കരകൗശല കൈത്തൊഴിൽ ഉല്പന്നങ്ങൾ ഇ-കൊമേഴ്സ് വഴി വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒരു എം.എസ്.എം.ഇ വികസിപ്പിച്ചു വരുന്നു. കൂടാതെ കരകൗശല വികസന കോർപറേഷൻ, സുരഭി , കാഡ്കോ എന്നീ സ്ഥാപനങ്ങൾ അവരുടേതായ വെബ്സൈറ്റുകൾ വഴിയും സാമൂഹ്യ മാധ്യമങ്ങൾ വഴിയും കരകൗശല ഉല്പന്നങ്ങൾക്ക് പ്രചാരം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ